# ഉദരഫലം അനുഗ്രഹീതം



**ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു.**
ലൂക്കാ 1:49



## അമ്മമാർക്ക്

ഒരമ്മയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും അനുഗ്രഹിക്കപ്പെട്ടതുമായ ഒരു കാലഘട്ടമാണല്ലോ. തന്റെ കുഞ്ഞിനെഉദരത്തിൽ വഹിക്കുന്ന കാലഘട്ടം. ഏറ്റവും ശ്രദ്ധയോടെയും പ്രാർത്ഥനയോടെയും കൈകാര്യം ചെയ്യേണ്ട കാലം. ഗർഭകാലത്തെ എല്ലാ ശാരീരിക മാനസിക ബുദ്ധിമുട്ടുകളുടേയും നടുവിൽ ദൈവകരം കണ്ടെത്തുക- പരിശുദ്ധ അമ്മയെപ്പോലെ. ഈശോയെ അള്ളിപ്പിടിക്കാൻ കുഞ്ഞിനെ പഠിപ്പിക്കുന്നതിന് ഇതിലും പറ്റിയ ഒരു സാഹചര്യം വേറെ ഇല്ല.

കുഞ്ഞ് ഉദരത്തിൽ ഉണ്ട് എന്ന് അറിയുന്ന നിമിഷംമുതൽ നമുക്ക് നമ്മുടെ ഉദരം മാതാവിന്റെ ഹൃദയത്തോടുചേർത്തുവയ്ക്കാം. അവിടെ ഈശോ ഉണ്ട്. നമ്മുടെ ബലഹീനതകളിൽ, ബുദ്ധിമുട്ടുകളിൽ, സങ്കടങ്ങളിൽ താങ്ങായി. എത്രകണ്ട് ബലഹീനയാണെന്നു തിരിച്ചറിയുന്നോ അത്രകണ്ട് ഈശോയെ ആശ്രയിക്കാം.

ഓരോ മാസവും – ഈശോയേ ഉദരത്തിൽ വഹിച്ചിരുന്ന കാലഘട്ടത്തിൽ പരിശുദ്ധഅമ്മ കടന്നുപോയ സാഹചര്യങ്ങളേയും അവയോടുള്ള അമ്മയുടെ **മനോഭാവത്തേയും ധ്യാനിക്കാം.** അതോടൊപ്പം ദൈവാശ്രയത്തിൽ, **സങ്കീർത്തനങ്ങളും വചനങ്ങളും** ഉരുവിട്ട് അനുദിനം ആത്മാവിൽ നിറയുവാനും, അതിലൂടെ കുഞ്ഞിനെ ദൈവസ്നേഹത്താൽ, നിറയ്ക്കുവാനും ‘ഏയ്ഞ്ചൽസ് ആർമി’ നിങ്ങളെ സഹായിക്കുന്നു.

## 1 –ാം മാസം



**കുഞ്ഞിന്റെ തലച്ചോറും ഹൃദയവും രൂപപ്പെടാൻ തുടങ്ങുന്നു.**

**ധ്യാനം:** ഗബ്രിയേൽ ദൈവദൂതൻ സ്വർഗ്ഗത്തിന്റെ ദൂത് മറിയത്തെ അറിയിക്കുന്നു. “കൃപ നിറഞ്ഞവളേ സ്വസ്തി... നീ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും.” വരും വരായ്കകൾ അറിയാമായിരുന്നിട്ടും മറിയം പൂർണമായി ദൈവഹിതത്തിന് വിധേയ പ്പെട്ടുകൊണ്ടു പറഞ്ഞു: “ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ.”

**തീരുമാനം:** പരിശുദ്ധ അമ്മയെപ്പോലെ എന്റെ ഉദരത്തിലെ ശിശുവിനെ ദൈവത്തിന്റെ ദാനമായി ഞാൻ സ്വീകരിക്കുന്നു.

**സങ്കീ. 23**

**വചനം**

**ഉല്പ. 1:27.** ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു.
**സങ്കീ. 127:3.** കർത്താവിന്റെ ദാനമാണ് മക്കൾ. ഉദരഫലം ഒരു സമ്മാനവും.
**മത്താ. 18:5.** ഇതുപോലുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു.
**2 കോറി. 12:9.** അവിടുന്ന് എന്നോട് അരുൾചെയ്തു. നിനക്ക് എന്റെ കൃപ മതി. എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത്.
**ഏശ. 49:1.** ഗർഭത്തിൽത്തന്നെ എന്നെ കർത്താവ് വിളിച്ചു. അമ്മയുടെ ഉദരത്തിൽവച്ച് അവിടുന്ന് എന്നെ നാമകരണം ചെയ്തു.
**ജെറ. 1:4, 5.** കർത്താവ് എന്നോട് അരുൾചെയ്തു. മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിന് മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു.

## 2 –ാം മാസം



**കുഞ്ഞിന്റെ ഹൃദയം മിടിക്കുവാൻ തുടങ്ങുന്നു ഇപ്പോൾ കുഞ്ഞ് ഒരു മനുഷ്യരൂപം ആയിക്കൊണ്ടിരിക്കുന്നു**

**ധ്യാനം:** “താൻ ഗർഭിണിയാണെന്ന വിവരം ലോകം അറിയുമ്പോൾ സത്യം ഉൾക്കൊള്ളാൻ ലോകത്തിനു സാധിക്കില്ല; യൗസേപ്പ് ഇതിനെ എങ്ങനെ കാണും?” മാതാവ് ചിന്തിച്ചിരിക്കണം. എങ്കിലും അമ്മ ആകുലപ്പെട്ടില്ല. സ്വർഗ്ഗം വെളിപ്പെടുത്താനായി അവൾ കാത്തിരുന്നു.

**തീരുമാനം:** ഗർഭാവസ്ഥയിലെ എല്ലാ അസ്വസ്ഥതകളും സന്തോഷത്തോടെ സ്വീകരിച്ചുകൊണ്ട് ദൈവത്തിന് ഞാൻ നന്ദി പറയും.

**സങ്കീ. 46.**

**വചനം**

**ഏശ. 66:12 – 13.** ഐശ്വര്യം നദിപോലെ അവളിലേക്ക് ഞാൻ ഒഴുക്കും. ജനതകളുടെ ധനം കവിഞ്ഞൊഴുകുന്ന അരുവിപോലെയും ... അമ്മയെപ്പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും.
**സങ്കീ. 51:10** ദൈവമേ, നിർമ്മലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ.
**റോമാ. 15:13.** പ്രത്യാശയുടെ ദൈവം നിങ്ങളുടെ വിശ്വാസത്താൽ സകല സന്തോഷവും സമാധാനവുംകൊണ്ട് നിങ്ങളെ നിറയ്ക്കട്ടെ. അങ്ങനെ, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധി പ്രാപിക്കുകയും ചെയ്യട്ടെ.
**1 പത്രോ. 5:6.** കർത്താവിന്റെ ശക്തമായ കരത്തിൻകീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്ന് തക്കസമയത്ത് നിങ്ങളെ ഉയർത്തിക്കൊള്ളും.
**പുറ. 14:13.** നിങ്ങൾ ഭയപ്പെടാതെ ഉറച്ചുനിൽക്കുവിൻ. നിങ്ങൾക്കുവേണ്ടി ഇന്ന് കർത്താവ് ചെയ്യാൻപോകുന്ന രക്ഷാകൃത്യം നിങ്ങൾ കാണും.

## 3 –ാം മാസം



**നാഡികളുടേയും പേശികളുടേയും പ്രവർത്തനം ഏകോപിപ്പിക്കപ്പെടുന്നു. ബാഹ്യമായ ലൈംഗിക അവയവങ്ങൾ രൂപപ്പെടുന്നു.**

**ധ്യാനം:** മറിയത്തിന്റെ ഉദരത്തിലെ ശിശുവിനെ ഉൾക്കൊള്ളാൻ കഴിയാതെ യൗസേപ്പ് അസ്വസ്ഥനായി. എങ്കിലും നീതിമാനായ യൗസേപ്പ് ഉത്തരത്തിനായി ദൈവത്തിലേക്ക് തിരിഞ്ഞു. സ്വർഗ്ഗം യീസേപ്പിന് ഉത്തരംകൊടുത്തു. “മറിയം ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിനാലാണ്.”

**തീരുമാനം:** ഈ സമയത്ത് ഈ കുഞ്ഞ് സ്വർഗ്ഗത്തിന്റെ പദ്ധതിയും സ്വപ്നവുമാണെന്ന തിരിച്ചറിവോടെ ഞങ്ങൾ ദൈവത്തിനു നന്ദി പറയും.

**സങ്കീ. 91.**

**വചനം**

**1 പത്രോ. 4:14.** ക്രിസ്തുവിന്റെ നാമം നിമിത്തം നിന്ദിക്കപ്പെട്ടാൽ നിങ്ങൾ ഭാഗ്യവാന്മാർ. എന്തെന്നാൽ മഹത്വത്തിന്റെ ആത്മാവ് അതായത് ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു.
**സങ്കീ. 46:1.** ശാന്തമാവുക, ഞാൻ ദൈവമാണെന്നറിയുക.
**എഫേ. 3:14.** ഇക്കാരണത്താൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വങ്ങൾക്കും നാമകാരണമായ പിതാവിന്റെ മുമ്പിൽ ഞാൻ മുട്ടുകൾ മടക്കുന്നു.
**സങ്കീ. 119:10.** പൂർണഹൃദയത്തോടെ ഞാൻ അങ്ങയെ തേടുന്നു. അങ്ങയുടെ കല്പനവിട്ടു നടക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ.
**സങ്കീ. 127:4.** യൗവനത്തിൽ ജനിക്കുന്ന മക്കൾ യുദ്ധവീരന്റെ കയ്യിലെ അസ്ത്രങ്ങൾ പോലെയാണ്.

## 4 –ാം മാസം



**അസ്ഥികളും ത്വക്കും രൂപപ്പെടുന്നു.**

**ധ്യാനം:** തന്റെ ചാർച്ചക്കാരിയായ വൃദ്ധയായ എലിസബത്ത് 6 മാസം ഗർഭിണിയാണെന്ന് അറിഞ്ഞ മറിയം സ്വന്തം ബുദ്ധിമുട്ടുകൾ മറന്ന് എലിസബത്തിനെ സഹായിക്കാൻ പുറപ്പെടുന്നു.

**തീരുമാനം:** മറ്റുള്ളവരെ അഭിമുഖീകരിക്കാൻ ബുദ്ധിമുട്ടുമ്പോൾ, വീട്ടിലും ജോലി സ്ഥലത്തും ജോലിഭാരം അലട്ടുമ്പോൾ, മാതാവിനൊപ്പം ഞാനും പരാതികൂടാതെ ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടിരിക്കും.

**സങ്കീ. 127.**

**വചനം**

**ലൂക്കാ 1:40** ശക്തനായവൻ എനിക്ക് വൻ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ്.
**ലൂക്ക. 7:13.** അവളെക്കണ്ടു മനസ്സലിഞ്ഞ് കർത്താവ് അവളോടു പറഞ്ഞു, “കരയേണ്ട.”
**ഫിലി. 2:14.** എല്ലാ കാര്യങ്ങളും മുറുമുറുപ്പും തർക്കവും കൂടാതെ ചെയ്യുവിൻ.
**സങ്കീ. 47:4.** അവിടുന്ന് നമ്മുടെ അവകാശം തെരഞ്ഞെടുത്തുതന്നു. താൻ സ്നേഹിക്കുന്ന യാക്കോബിന്റെ അഭിമാനംതന്നെ.
**1 യോഹ. 3:1.** കണ്ടാലും എത്ര വലിയ സ്നേഹമാണ് പിതാവ് നമ്മോട് കാണിച്ചത്. കാരണം ദൈവം സ്നേഹമാണ്.

## 5 –ാം മാസം



**കുഞ്ഞ് കേൾക്കാൻ തുടങ്ങുന്നു. വിഴുങ്ങാനുള്ള കഴിവ് ലഭിക്കുന്നു.**

**ധ്യാനം:** മറിയം വീട്ടിൽ പ്രവേശിച്ച് എലിസബത്തിനെഅഭിവാദ്യം ചെയ്തു. മറിയത്തിന്റെ അഭിവാദനശബ്ദം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് കുതിച്ചുചാടി.

**തീരുമാനം:** പരിശുദ്ധ അമ്മയെപ്പോലെ, ഞാൻ അനുഭവിക്കുന്ന ദൈവസ്നേഹവും സമാധാനവും സന്തോഷവും മറ്റുള്ളവർക്ക് പകർന്നു കൊടുക്കാൻ ഞാൻ ശ്രമിക്കും.

**സങ്കീ. 121.**

**വചനം**

**ഗലാ. 6:2.** പരസ്പരം ഭാരം വഹിച്ചുകൊണ്ട് ക്രിസ്തുവിന്റെ നിയമം പൂർത്തിയാക്കുവിൻ.

**നിയമാ. 10:15.** കർത്താവ് നിങ്ങളുടെ പിതാക്കന്മാരിൽ സംപ്രീതനായി അവരെ സ്നേഹിക്കുകയും അവർക്കുശേഷം അവരുടെ സന്തതികളായ നിങ്ങളെ ഇന്നും നിങ്ങളായിരിക്കുന്നതുപോലെ മറ്റെല്ലാ ജനങ്ങൾക്കുമുപരിയായി തെരഞ്ഞെടുക്കുകയും ചെയ്തു.

**സങ്കീ. 48:14.** ഇവിടെയാണ് ദൈവം. ഈ ദൈവമാണ് എന്നേയ്ക്കുമുള്ള നമ്മുടെ ദൈവം. അവിടുന്ന് എന്നും നമ്മെ നയിക്കുമെന്ന് വരുംതലമുറയോട് പറയാൻവേണ്ടിത്തന്നെ.

**യൂദാ: 1:21.** യേശുക്രിസ്തുവിന്റെ കാരുണ്യത്തെ ഉറ്റുനോക്കിക്കൊണ്ട് ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ കാത്തുകൊള്ളുവിൻ.

**യോഹ. 14:1.** നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ. എന്നിലും വിശ്വസിക്കുവിൻ.

## 6 –ാം മാസം



**കുഞ്ഞിന്റെ മജ്ജയിൽ നിന്നും രക്തം ഉണ്ടാകാൻ തുടങ്ങുന്നു. കുഞ്ഞ് കൃത്യമായി ഉറങ്ങുകയും ഉണരുകയും ചെയ്യുന്നു.**

**ധ്യാനം:** മൂന്നുമാസം എലിസബത്തിനെ ശുശ്രൂഷിച്ചശേഷം മറിയം വീട്ടിലേക്കു മടങ്ങി. നസ്രത്തിലെ തുടർന്നുള്ള ദിവസങ്ങൾ യൗസേപ്പിതാവിനും മാതാവിനും യാതനനിറഞ്ഞതായിരുന്നു. സമൂഹത്തിന്റെയും ബന്ധുജനത്തിന്റെയും കുറ്റപ്പെടുത്തലുകളും ഒറ്റപ്പെടുത്തലും പരിഹാസങ്ങളും അവർ മൗനമായി സഹിച്ച് പ്രാർത്ഥനകളാക്കി.

**തീരുമാനം:** ഞങ്ങൾക്കുണ്ടാകുന്ന നിന്ദാപമാനങ്ങളെ സന്തോഷത്തോടെ സ്വീകരിച്ച് ലോകം മുഴുവനുമുള്ള എല്ലാ ഗർഭിണികൾക്കും ഗർഭസ്ഥ ശിശുക്കൾക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കും.

**സങ്കീ. 131**

**വചനം**

**സങ്കീ. 139:14.** അങ്ങ് എന്നെ വിസ്മയനീയമായി സൃഷ്ടിച്ചു. അവിടത്തെ സൃഷ്ടികൾ അത്ഭുതകരമാണ്.

**യോഹ. 8:35.** ലോകത്തിൽ നിങ്ങൾക്ക് ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ. ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു.

**സങ്കീ. 23:4.** അങ്ങയുടെ ഊന്നുവടിയും ദണ്ഡും എനിക്ക് ഉറപ്പേകുന്നു.

**1 തിമോ. 2:15.** സ്ത്രീ വിനയത്തോടെ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധിയിലും ഉറച്ചുനില്ക്കുമെങ്കിൽ മാതൃത്വത്തിലൂടെ അവൾ രക്ഷിക്കപ്പെടും.

**റോമാ. 5:5.** നമുക്കുനൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേയ്ക്ക് ചൊരിയപ്പെട്ടിരിക്കുന്നു.

## 7 –ാം മാസം



**കുഞ്ഞിന്റെ അവയവങ്ങളെല്ലാം പൂർണ്ണരൂപം പ്രാപിച്ചു കൊണ്ടിരിക്കുന്നു.**

**ധ്യാനം:** അഗസ്റ്റസ് സീസറിന്റെ കല്പനപ്രകാരം ബേത്‌ലഹേമിൽ പേരെഴുതിക്കാനായി യൗസേപ്പിന് പോകേണ്ടിവരുന്നു. കുടുംബം വല്ലാത്ത മാനസിക സംഘർഷത്തിലൂടെ പോയ ആ അവസരത്തിൽ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ബെത്‌ലഹേമിലേക്ക് മറിയത്തെയുംകൂട്ടി യൗസേപ്പ് യാത്ര ചെയ്തു.

**തീരുമാനം:** തീരുമാനങ്ങളെടുക്കേണ്ടിവരുന്ന അവസരങ്ങളിൽ ഞങ്ങളനുഭവിക്കുന്ന എല്ലാ മാനസിക സംഘർഷങ്ങളും മാതാവിന്റെയും യൗസേപ്പിതാവിന്റെയും മദ്ധ്യസ്ഥതയിൽ സമർപ്പിച്ചുകൊണ്ട് ദൈവത്തിൽ പൂർണമായി ആശ്രയിക്കും.

**സങ്കീ. 139**

**വചനം**

**2 കൊറി 12:9.** അവിടുന്ന് എന്നോട് അരുൾചെയ്തു: നിനക്ക് എന്റെ കൃപമതി. എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത്.

**1 കോറി 10:13.** മനുഷ്യസാധാരണമല്ലാത്ത ഒരു പ്രലോഭനവും നിങ്ങൾക്ക് നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാണ്.

**സങ്കീ. 19:14.** എന്റെ അഭയശിലയും വിമോചകനുമായ കർത്താവേ, എന്റെ അധരങ്ങളിലെ വാക്കുകളും ഹൃദയത്തിലെ വിചാരങ്ങളും അങ്ങയുടെ ദൃഷ്ടിയിൽ സ്വീകാര്യമായിരിക്കട്ടെ.

**2 കോറി 13:11.** സമാധാനത്തിൽ ജീവിക്കുവിൻ. സ്നേഹത്തിന്റെയും ശാന്തിയുടെയും ദൈവം നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.

**കൊളോ. 3:17.** നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തു ചെയ്താലും അതെല്ലാം കർത്താവായ യേശുവഴി പിതാവായ ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ട് അവന്റെ നാമത്തിൽ ചെയ്യുവിൻ.

## 8 –ാം മാസം



**കുഞ്ഞിന് കണ്ണുകൾ തുറക്കാനും അടയ്ക്കാനും സാധിക്കുന്നു. പ്രകാശത്തോട് പ്രതികരിക്കാൻ തുടങ്ങുന്നു.**

**ധ്യാനം:** ബേത്‌ലഹേമിൽ രാത്രികഴിയാൻ സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല.

**തീരുമാനം:** അർഹമായ സൗകര്യങ്ങൾ നിഷേധിക്കപ്പെടുമ്പോൾ, പൂർണ ഗർഭിണിയാണെന്ന പരിഗണനകിട്ടാതെവരുമ്പോൾ, മുതിർന്ന കുട്ടികളുടെയും കൂടി കാര്യങ്ങഹ ശ്രദ്ധിക്കേണ്ടിവരുമ്പോൾ, തിരുക്കുടുംബത്തെപ്പോലെ ശാന്തമായി ഞങ്ങൾ കർത്തവ്യങ്ങൾ നിറവേറ്റും.

**സങ്കീ. 15**

**വചനം**

**2 കോറി. 4:17.** ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികവുമാണ്. അവയുടെ ഫലമോ അനുപമമായ മഹത്വവും.

**റോമാ 8:17.** നാം മക്കളെങ്കിൽ അവകാശികളുമാണ്. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും.

**റോമാ 8:35.** ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് ആര് നമ്മെ വേർപെടുത്തും? ക്ലേശമോ ദുരിതമോ, പീഡനമോ പട്ടിണിയോ, നഗ്നതയോ ആപത്തോ വാളോ?

**എഫേ. 6:18.** നിങ്ങൾ അപേക്ഷകളോടും യാചനകളോടുംകൂടെ എല്ലാ സമയവും ആത്മാവിൽ പ്രാർത്ഥനാനിരതരായിരിക്കുവിൻ.

**യാക്കോ. 4:8.** ദൈവത്തോടു ചേർന്നുനിൽക്കുവിൻ. അവിടുന്ന് നിങ്ങളോടും ചേർന്നുനില്ക്കും.

## 9 –ാം മാസം



**അവയവങ്ങളെല്ലാം സ്വതന്ത്രമായി പ്രവർത്തിക്കാൻ സജ്ജമാകുന്നു.**

**ധ്യാനം:** ഒരു കാലിത്തൊഴുത്തിൽ മറിയം ഈശോയ്ക്ക് ജന്മം നൽകി.

**തീരുമാനം:** സഹായിക്കാൻ ആരുമില്ലാത്ത സാഹചര്യം. സാമ്പത്തിക ബുദ്ധിമുട്ട്, പ്രസവത്തെപ്പറ്റിയുള്ള അമിതമായ ഉത്കണ്ഠ, ആശുപത്രിയിൽ ശരിയായ പരിചരണവും ശ്രദ്ധയും കിട്ടാതെവരുന്ന അവസ്ഥ. ഇവയെല്ലാം സന്തോഷത്തോടെ സ്വീകരിച്ച് തിരുക്കുടുംബത്തോടൊപ്പം ഞങ്ങളും ദൈവത്തെ സ്തുതിക്കും.

**സങ്കീ. 19**

**വചനം**

**ദാനി. 3:29.** കർത്താവേ, ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ അങ്ങ് വാഴ്ത്തപ്പെട്ടവനാണ്. അങ്ങ് എന്നുമെന്നും സ്തുത്യർഹനും അത്യുന്നതനുമാണ്.

**റോമ. 8:28.** ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ.

**ജോബ് 23:10.** എന്റെ വഴി അവിടുന്ന് അറിയുന്നു. അവിടുന്ന് എന്നെ പരീക്ഷിച്ചുകഴിയുമ്പോൾ ഞാൻ സ്വർണ്ണംപോലെ പ്രകാശിക്കും.

**1 പത്രോ 5:6.** നിങ്ങളുടെ ഉത്ക്കണ്ഠകളെല്ലാം അവിടുത്തെ ഏല്പിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്.

**1 കോറി. 2:9.** ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ല.



ഗർഭാവസ്ഥയിലുള്ള ഒരു കുഞ്ഞിലേക്ക് അമ്മയുടെ എല്ലാ വികാരങ്ങളും പകരപ്പെടുന്നു. മാതാപിതാക്കൾ അമ്മയുടെ ഉദരത്തിൽ കൈവച്ച് കുഞ്ഞിനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ കുഞ്ഞ് ദൈവസ്നേഹത്താൽ നിറയുന്നു. സ്നേഹസംഭാഷണങ്ങളിലൂടെയും സ്നേഹപ്രകടനങ്ങളിലൂടെയും ഉദരത്തിലുള്ള കുഞ്ഞുമായി സംവദിക്കുന്നതിലൂടെ ഒരമ്മയാകുന്നതിന്റെ അഭിമാനവും സന്തോഷവും അനുദിനം വർദ്ധിക്കും.

ഏയ്ഞ്ചൽസ് ആർമിയുടെ മാദ്ധ്യസ്ഥ പ്രാർത്ഥനാ ടീമിന്റെ കീഴിലുള്ള pregnancy wingന്റെ നേതൃത്വത്തിൽ ഗർഭിണികളായ അമ്മമാർക്കും ഉദരത്തിലുള്ള ശിശുവിനും വേണ്ടി 9 മാസവും പ്രാർത്ഥിക്കുന്നു. പ്രാർത്ഥനാവശ്യങ്ങൾക്കായി നിങ്ങൾ ഞങ്ങളെ വിളിക്കുമ്പോൾ അമ്മയും കുഞ്ഞും ഈ പ്രാർത്ഥനാ ചങ്ങലയിലേയ്ക്ക് കയറുന്നു. അന്നുമുതൽ കുഞ്ഞു ജനിക്കും വരെ അനേകരുടെ പ്രാർത്ഥനയിലും നിരവധി വൈദികരുടെ അനുദിനബലിയിലും നിങ്ങളും കുടുംബവും ഉണ്ടാകും. പ്രസവസമയത്ത് ഞങ്ങളെ അറിയിക്കുമ്പോൾ ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുന്നു.

**പ്രാർത്ഥനാവശ്യങ്ങൾക്കായി വിളിക്കേണ്ട നമ്പർ 9061963071, 8891585850**

### എന്താണ് ഏയ്ഞ്ചൽസ് ആർമി?

- ഗർഭാവസ്ഥ മുതൽ ബാല്യകാലഘട്ടാവസാനം വരെ കുഞ്ഞുങ്ങളെ യേശുവിന്റെ ഭാവത്തിൽ വളർത്തുന്നതിന് സഹായിക്കുന്ന ജീസസ് യൂത്ത് നേതൃത്വത്തിലുള്ള ഒരു പ്രാർത്ഥനാ, പരിശീലനമുന്നേറ്റമാണ് ഏയ്ഞ്ചൽസ് ആർമി.
- ദൈവവചനവും തിരുസഭയുടെ പഠനങ്ങളും ഹൃദിസ്ഥമാക്കി, വിശ്വാസ പാരമ്പര്യത്തോട് ചേർന്ന് മൂല്യങ്ങൾ ഇളം മനസ്സുകളിൽ നിക്ഷേപിച്ച്, ഈ ആധുനികയുഗത്തിൽ സഭയിൽ പുതുവിശുദ്ധർ അനേകർ ഉണ്ടാവുക എന്നതാണ് ഏയ്ഞ്ചൽ ആർമിയുടെ ഉദ്ദേശലക്ഷ്യം.
- മക്കളെ ദൈവഹിതപ്രകാരം വളർത്തുന്നതിന് മാതാപിതാക്കൾക്ക് ഏയ്ഞ്ചൽസ് ആർമി സഹായകമാകുന്നു.

ഏയ്ഞ്ചൽസ് ആർമി

A JESUS YOUTH INITIATIVE

**ANGELS ARMY**
Jesus Youth, Emmaus, H.M.T.Colony P.O.
Kalamassery-683503, Kochi, Kerala. Ph: 0484 6444702
Email: angelsarmy04@gmail.com
www.angelsarmy.in